"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.ഡി സി.1/109/2021/തസ്വഭവ

തദ്ദേശ സ്വയം ഭരണ (ഡി സി ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 11/05/2021

## സർക്കുലർ

വിഷയം:- കോവിഡ് രോഗബാധ മൂലം മരണപ്പെടുന്ന ആൾക്കാരുടെ മൃതശരീരം മറവ് ചെയ്യുന്നത് - ബന്ധുക്കളുടെ ആവശ്യ പ്രകാരം മൃതശരീരം വിട്ടുനൽകുന്നതിൽ വ്യക്തത വരുത്തുന്നത് - സംബന്ധിച്ച്

സൂചന:- 14/10/2020 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1903/2020/തസ്വഭാവ.

**********************

കോവിഡ് രോഗബാധ മൂലം മരണപ്പെടുന്ന ആൾക്കാരുടെ മൃതശരീരം സുരക്ഷിതമായി മറവ് ചെയ്യുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പാലിക്കേണ്ട നടപടി നിശ്ചയിച്ച് സർക്കാർ സൂചന പ്രകാരം ഉത്തരവായിരുന്നു. കോവിഡ് രോഗബാധയുള്ള രോഗിയെ ആശുപത്രിയിൽ പ്രവേശിപ്പിക്കുന്ന സമയത്ത് ബന്ധുക്കൾ/രോഗി നൽകുന്ന മേൽവിലാസം ഉൾപ്പെട്ടുവരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിക്കാണ് മരണപ്പെട്ടയാളുടെ മൃതശരീരം കോവിഡ് പ്രോട്ടോകോൾ പ്രകാരം മറവ് ചെയ്യുന്നതിന് ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ നൽകിവരുന്നത്. എന്നാൽ മരണ ശേഷം മരണപ്പെട്ടയാളുടെ ബന്ധുക്കൾ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ മറവുചെയ്യുന്നതിനു നിയമാനുസരണം താത്പര്യം അറിയിച്ചാൽ മൃതശരീരം മെഡിക്കൽ ഓഫീസറിൽ നിന്ന് ഏറ്റുവാങ്ങുന്ന തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിക്കു ബന്ധുക്കളുടെ ആവശ്യ പ്രകാരം മൃതശരീരം വിട്ടുനൽകുന്നത് സംബന്ധിച്ച് മേൽ പരാമർശ ഉത്തരവിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലായിരുന്നു.

ആയതിനാൽ, ഇക്കാര്യത്തിൽ വ്യക്തത വരുത്തിക്കൊണ്ട്, ഒരു തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലെ ആശുപത്രികളിലോ, വീട്ടുകളിലോ കോവിഡ് രോഗബാധ സ്ഥിരീകരിച്ച ആൾ മരണപ്പെട്ടാൽ, മരണപ്പെടുന്നയാളുടെ നിയമാനുസൃത ബന്ധുക്കൾ രേഖാമൂലം ടി തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ അപേക്ഷ പരിശോധിച്ച് ഏത് തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലാണോ മൃതശരീരം മറവ് ചെയ്യുന്നതിന് ബന്ധുക്കൾ അപേക്ഷിച്ചിട്ടുള്ളത്, ആ സ്ഥലത്തെ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിക്കു മൃതദേഹം വിട്ടു നൽകേണ്ടതാണ്.

**ശാരദ മുരളീധരൻ ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ
ആരോഗ്യ വകുപ്പ് ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
എല്ലാ ജില്ലാകളക്ടർമാർക്കും (ശുചിത്വ മിഷൻ മുഖേന )
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/ G&SSA/E& RSA) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സിഎയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സിഎയ്ക്ക്